**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4934 14-11-2019 -ൽ മറുപടിക്ക്

**2018 ലെ പ്രളയത്തിൽ പാലക്കാട് II വില്ലേജിൽ ഉണ്ടായിട്ടുളള നാശനഷ്ടങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഷാഫി പറമ്പിൽ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | 2018 ലെ പ്രളയത്തിൽ പാലക്കാട് II വില്ലേജിൽ പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർ, ഭാഗികമായി വീട് തകർന്നവർ എന്നിവരുടെ എണ്ണം വേർതിരിച്ച് വ്യക്തമാക്കാമോ; | എ) | പാലക്കാട് II വില്ലേജിൽ പൂർണ്ണമായും നാശനഷ്ടം സംഭവിച്ച വീടുകൾ 142 എണ്ണവും ഭാഗികമായി നാശനഷ്ടം സംഭവിച്ച വീടുകൾ 164 എണ്ണവുമാണ്. |
| ബി) | 2018-ലെ പ്രളയത്തിൽ പാലക്കാട് II വില്ലേജിൽ സർക്കാർ വക പൊതുമുതലുകൾക്ക് എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായി; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | പാലക്കാട് II വില്ലേജിൽ പൊതുമുതലിന് നാശനഷ്ടം സംഭവിച്ചിട്ടില്ല. |
| സി) | പാലക്കാട് II വില്ലേജിനെ പ്രളയ ബാധിത വില്ലേജായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവാക്കപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ; | സി) | പാലക്കാട് II വില്ലേജിനെ പ്രളയബാധിത വില്ലേജായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| ഡി) | പ്രളയബാധിത വില്ലേജായി പരിഗണിക്കേണ്ടതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | ഡി) | കൃഷി, റോഡ്, വീട് എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടം, വൈദ്യുതിവിതരണത്തിൽ വരുന്ന നഷ്ടം, ജീവഹാനി എന്നിവയാണ് പ്രളയബാധിത വില്ലേജായി പ്രഖ്യാപിക്കാനുള്ള മാനദണ്ഡങ്ങൾ |

സെക്ഷൻ ഓഫീസർ